# പതിനാലാം കേരള നിയമസഭാ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : T 4073      25.06.2018 ൽ മറുപടിയ്ക്ക്

<u>വനം വകുപ്പ് പിടിച്ചെടുത്ത ഭൂമി തിരികെ നൽകാൻ നടപടി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി. തോമസ് | അഡ്വ . കെ .രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി ) |

എ) 2006 ഒക്ടോബർ 11- ാം തീയതിയിലെ മന്ത്രിസഭാ തീരുമാനപ്രകാരം വയനാട് ജില്ലയിലെ തൊണ്ടർനാട് പഞ്ചായത്തിലെ കാഞ്ഞിരത്തിനാൽ ജോർജിന്റെ കുടുംബത്തിന്റെ, വനം വകുപ്പ് പിടിച്ചെടുത്ത ഭൂമി തിരികെ നൽകാനുള്ള നടപടി പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

ബി) മന്ത്രിസഭാ തീരുമാനം നടപ്പിലാക്കാൻ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; തുടർന്ന് സ്വീകരിക്കാനുദ്ദേശിയ്ക്കുന്ന നടപടികൾ എന്തെല്ലാം; അറിയിക്കാമോ;

എ) & ബി) പഴയ തൊണ്ടർനാട് വില്ലേജിൽപെട്ടതും, ഇപ്പോൾ കാഞ്ഞിരങ്ങാട് വില്ലേജിന്റെ ഭാഗമായിട്ടുള്ളതുമായ റി.സ.നമ്പർ 238-ൽ ആകെയുള്ള ഭൂമിയുടെ വിസ്തൃതി റവന്യൂ റെക്കോർഡുകൾ പരിശോധിച്ചതിൽ 880.60 ഏക്കറാണ്. റി.സ.നമ്പർ 238/1-ന്റെ ഭാഗമാണ് കാഞ്ഞിരത്തിനാൽ ജോർജ്ജ് തർക്കം ഉന്നയിച്ചിട്ടുള്ള ഭൂമി. ഫോറസ്റ്റ് മിനി സർവ്വേ റെക്കോർഡുകൾ പ്രകാരം ടി ഭൂമി (238/1 ൽ പ്പെട്ട 159.1341 ഹെക്ടർ) 6 സബ് ഡിവിഷനുകളായി വിഭജിക്കപ്പെട്ടിട്ടുണ്ട്. ടി സബ് ഡിവിഷനുകളിൽപെട്ട 238/5, 238/6, 238/8, 238/9 എന്നീ ബിറ്റുകൾ എം.പി.പി എഫ് ആക്ടിന്റെ പരിധിയിൽ ഉള്ളതായിരുന്നതിനാൽ 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്) ആക്ട് പ്രകാരം സർക്കാരിലേക്ക് സ്വമേധയാ നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള വനഭൂമികളാണ്. ആയതുകൊണ്ട് മേൽപ്പറഞ്ഞ ഭൂമികളുടെ സർവ്വേ ഡിമാർക്കേഷൻ 1976 ൽ നടത്തപ്പെട്ടു. ആയതിൽ 238/5, 238/6 എന്നീ സബ് ഡിവിഷനുകളിൽപ്പെട്ട ഭൂമികൾക്ക് (0.5570 + 14.8601 = 15.41 ഹെക്ടർ ) 8.7.1977-ൽ 4713/77 ബി നമ്പറായി പാലക്കാട് നിക്ഷിപ്ത വന കസ്റ്റോഡിയൻ, നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നു. 11.1757 ഹെക്ടർ വിസ്തൃതി വരുന്ന റി.സ. നമ്പർ 238/9 ന്റെ ഭാഗമായിട്ടുള്ള 12 ഏക്കർ ഭൂമിക്ക് അവകാശമുന്നയിച്ചുകൊണ്ടു ശ്രീ. കാഞ്ഞിരത്തിനാൽ ജോസ് എന്നയാൾ ബഹു. ഫോറസ്റ്റ് ട്രിബ്യൂണലിൽ ഒ.എ 356/76-ാംനമ്പറായി ഹർജി ഫയൽ

ചെയ്തതിനാൽ ടി ഭൂമിക്ക് അന്ന് നോട്ടിഫിക്കേഷൻ പുറപ്പെടുവിയ്ക്കാൻ കഴിഞ്ഞില്ല. ടി ഹർജി പരിഗണിച്ച കോടതി തർക്ക ഭൂമി കക്ഷികൾക്ക് അനുവദിച്ചുകൊണ്ട് 6.11.78 ൽ വിധി പുറപ്പെടുവിച്ചു. ടി വിധിക്കെതിരെ സ്റ്റേറ്റ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 92/79 എം.എഫ്.എ, കക്ഷികൾ നികുതി അടച്ചത് മാത്രം പരിഗണിച്ചാണ് ഒ.എ 356/76 ൽ വിധി പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് നിരീക്ഷിച്ചുകൊണ്ടും, ഒ.എ പുനഃ പരിശോധിക്കുന്നതിന് ഫോറസ്റ്റ് ട്രിബ്യൂണലിനോട് നിർദ്ദേശിച്ചുകൊണ്ടും തീർപ്പാക്കപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ ഒ.എ പുനഃപരിശോധിച്ച ബഹു. ട്രൈബ്യൂണൽ ശ്രീ കാഞ്ഞിരത്തിനാൽ ജോർജിന് 75 സെന്റ് സ്ഥലം മാത്രം അനുവദിച്ചുകൊണ്ടും, ബാക്കി ഭൂമി നിക്ഷിപ്തവനമാണെന്ന് പ്രസ്താവിച്ചുകൊണ്ടും 18.2.85-ൽ വിധി പുറപ്പെടുവിക്കുകയുണ്ടായി. ബഹു. ട്രിബ്യൂണൽ 2.11.83 നും 5.1.85 നും ടി സ്ഥലം ലോക്കൽ ഇൻസ്പെക്ഷൻ നടത്തി ബോധ്യപ്പെട്ടതിനു ശേഷമാണ് 18.02.85 ലെ മേൽപ്പറഞ്ഞ വിധി പുറപ്പെടുവിച്ചിട്ടുള്ളത്., ടിയാൻ ഫയൽ ചെയ്ത എം.എഫ്.എ 492/85, WA 1843/97, ഒ. പി 2439/95 എന്നിവയിൽ അപേക്ഷകന് പ്രതികൂലമായിട്ടാണ് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളത്. ആകയാൽ ടി ഭൂമി വെസ്റ്റഡ് ഫോറെസ്റ്റും അതുവഴി റിസേർവ് ഫോറെസ്റ്റിന്റെ സ്റ്റാറ്റസിലുള്ളതുമാണ് . ടി കാരണങ്ങൾ കൊണ്ടാണ് 2006 ഒക്ടോബർ 11-ാംതീയതിയിലെ മന്ത്രിസഭാ തീരുമാനപ്രകാരം വയനാട് ജില്ലയിലെ തൊണ്ടർനാട് പഞ്ചായത്തിലെ കാഞ്ഞിരത്തിനാൽ ജോർജിന്റെ കുടുംബത്തിന് ടി ഭൂമി തിരികെ നൽകാനുള്ള നടപടി പൂർത്തിയാകാഞ്ഞത് .

സി) ജോർജ് നിയമാനുസൃതം വാങ്ങിയ ഭൂമി ടിയാന് ലഭിക്കാതിരിക്കാൻ കേന്ദ്രസർക്കാരിന്റെ കൈവശമുള്ള ഭൂമിയുടെ സർവ്വേ നമ്പർ മന്ത്രിസഭാ പരിഗണനയ്ക്ക് നൽകി, തെറ്റായ തീരുമാനം എടുപ്പിക്കാൻ ശ്രമിച്ച ഉദ്യോഗസ്ഥരുടെ നടപടിയ്ക്കെതിരെ സർക്കാർ ഇതുവരെ സ്വീകരിച്ച ശിക്ഷാനടപടികൾ എന്തെല്ലാം; ഈ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി

സി) ഇപ്രകാരം സർവ്വേ നമ്പർ തെറ്റിച്ച മന്ത്രിസഭയുടെ പരിഗണനയ്ക്ക് നൽകിയതായി വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വ്യക്തമാക്കാമോ;

| | | |
|---|---|---|
| ഡി) | വനം വകുപ്പ് പിടിച്ചെടുത്ത 12 ഏക്കർ ഭൂമി തിരികെ നൽകാനുള്ള മന്ത്രിസഭാ തീരുമാനം എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ? | ഡി) 11.1757 ഹെക്ടർ വിസ് തൃതി വരുന്ന നിക്ഷിപ്ത വനഭൂമിയിൽ ഉൾപ്പെട്ട 12 ഏക്കർ സ്ഥലത്തിനാണ് കാഞ്ഞിരത്തിനാൽ ജോർജ് അവകാശവാദം ഉന്നയിച്ചിട്ടുള്ളത്. പ്രസ്തുത ഭൂമി 1971 ലെ നിക്ഷിപ്ത വന നിയമപ്രകാരം നിക്ഷിപ്ത വനം എന്ന് അന്തിമമായി കോടതികളാൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാൽ അത് സർക്കാരിൽ നിലനിർത്തി സംരക്ഷിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ